"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തിരുവനന്തപുരം വികസന അതോറിറ്റി - വട്ടിയൂർക്കാവ് ജംഗ്ഷൻ റീഹാബിലിറ്റേഷൻ പ്രോജക്ട് - ആർക്കിടെക്ചറൽ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിന് നടത്തിയ പ്രവർത്തികൾക്ക് ചിലവായ 2,66,762/- രൂപ - 2217-05-191-36-TRIDA-Assistance for formation of capital assets-35 ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1207/2024/LSGD തീയതി,തിരുവനന്തപുരം, 04-07-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.1865/2019/തസ്വഭവ തീയതി 30.08.2019
2. സ.ഉ.(സാധാ)നം.2855/2022/തസ്വഭവ തീയതി 18.11.2022
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20.05.2023 തീയതിയിലെ എസ്റ്റ്.1/742/2022/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19.03.2024 തീയതിയിലെ എഫ്3/795/2024/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാർക്ക് പുനരധിവാസം നല്കുന്നതുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി പരാമർശം (1) പ്രകാരം ട്രിഡയെ നിയമിക്കുകയും 2022-23 ബജറ്റിൽ ടി പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന 450 ലക്ഷം രൂപയ്ക്ക് പരാമർശം (2) പ്രകാരം ഭരണാനുമതി ഉത്തരവ് നല്കുകയും ചെയ്തു.

2) വട്ടിയൂർക്കാവ് ജംഗ്ഷൻ റീഹാബിലിറ്റേഷൻ പ്രോജക്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ആർക്കിടെക്ചറൽ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിലേക്ക് നടത്തിയ ടോപ്പോഗ്രഫിക്കൽ സർവ്വേ, പത്രപരസ്യങ്ങൾ, എക്സ്പേർട്ട് പാനൽ യോഗങ്ങൾ, വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പിനുള്ള റിപ്പോർട്ട് തയ്യാറാക്കൽ എന്നീ പ്രവർത്തികൾക്ക് ചിലവായ ആകെ തുകയായ 2,66,762/- രൂപ ട്രിഡയ്ക്ക് വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്ന് ലഭ്യമാക്കണമെന്ന് പരാമർശം (3), (4) എന്നിവ പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വട്ടിയൂർക്കാവ് ജംഗ്ഷൻ പുനരധിവാസ പദ്ധതിയ്ക്ക് ആർക്കിടെക്ചറൽ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്ന പ്രവർത്തികൾക്ക് ആകെ ചിലവായ 2,66,762/- രൂപ (രണ്ടു ലക്ഷത്തി അറുപത്തി ആറായിരത്തി എഴുന്നൂറ്റി അറുപത്തി രണ്ടു രൂപ മാത്രം) "2217-05-191-36-TRIDA-Assistance for formation of capital assets-35" എന്ന

ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നല്കിയും പ്രസ്തുത തുക ട്രിഡ സെക്രട്ടറിയ്ക്ക് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/219/2023-ധന(2581634), dated 07.06.2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 04-07-2024 11:02:02
സെക്ഷൻ ഓഫീസർ